സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

മെരിറ്റ് - കം-മീൻസ് സ്കോളർഷിപ്പ് - 2020-2021

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമകാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട (ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, പാഴ്സി, ബുദ്ധ, ജൈന) വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2020-2021 അദ്ധ്യയന വർഷത്തിൽ നൽകുന്ന മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (പുതിയതായി അപേക്ഷിക്കുന്നവരും പുതുക്കാനായി അപേക്ഷിക്കുന്നവരും) ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. അർഹരായ വിദ്യാർത്ഥികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഓൺലൈനായി നിശ്ചിത തീയതിയ്ക്കകം അപേക്ഷ നൽകേണ്ടതാണ്. .

(1) അപേക്ഷകർ ന്യൂനപക്ഷ സമുദായങ്ങളായ കൃസ്ത്യൻ, മുസ്ലീം, പാഴ്സി, ബുദ്ധ, സിക്ക്, ജൈന സമുദായങ്ങളിൽ പെട്ടവരായിരിക്കണം

(2) അപേക്ഷകർ കേരള സംസ്ഥാനത്ത് ജനിച്ചവരായിരിക്കണം

(3) അപേക്ഷകർ കേന്ദ്ര സർക്കാർ അംഗീകരിച്ച പട്ടിക പ്രകാരമുള്ള ഏതെങ്കിലും സാങ്കേതിക/ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവരായിരിക്കണം

(4) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ( ഹയർ സെക്കന്ററി/ ബിരുദ തലത്തിൽ കുറഞ്ഞത് 50% മാർക്ക് വാങ്ങി വിജയിച്ചവരായിരിക്കണം)

ഒന്നാം വർഷം പ്രൊഫഷണൽ ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് +2 വിന് കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി തലത്തിൽ കിട്ടിയ ആകെ മാർക്കിന്റെ ശതമാനം ആയിരിക്കും പി.ജി.തലത്തിൽ സ്കോളർഷിപ്പിന് കണക്കാക്കുന്നത. ആകെ മാർക്കിന് വ്യതിയാനം സംഭവിക്കുന്ന പക്ഷം അത്തരം അപേക്ഷകൾ മറ്റ് കാരണങ്ങൾ കൂടാതെ നിരസിക്കുന്നതായിരിക്കും.

(6) അപേക്ഷകൻ/ അപേക്ഷക ഇപ്പോൾ പഠിച്ച്കൊണ്ടിരിക്കുന്ന കോഴ്സിന് മറ്റ് യാതൊരു വിധ സ്കോളർഷിപ്പോ സ്റ്റൈപ്പന്റോ സ്വീകരിക്കുവാൻ പാടില്ല

(7) അപേക്ഷകർക്ക് ഐ.എഫ്.എസ് കോഡുള്ള ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. (ജോയിന്റ് അക്കൗണ്ട് പാടില്ല.)

(8) ഒരു കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(9) സ്കോളർഷിപ്പിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് വെബ് പോർട്ടൽ ആയ www.scholarship.gov.in ൽ ലഭ്യമാണ്. കൂടാതെ www.minorityaffairs.gov.in എന്ന ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിലും മെരിറ്റ് കം- മീൻസ് സ്കോളർഷിപ്പ് അപേക്ഷയ്ക്കുള്ള ലിങ്ക് ലഭ്യമാണ്.

Students are directed to upload and submit under mentioned documents with the scholarship application.

1. Domicile/Nativity certificate (issued from Village/Taluk)
2. Income certificate (Issued from Village office)
3. Caste certificate (Issued from Village office)